## പതിമൂന്നാം കേരള നിയമസഭ

## എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ : T. 3064.

03..04..2013-ൽ മറുപടിയ്ക്ക്

## ഉത്തരവുകൾ വെബ്സൈറ്റിൽ ലഭ്യമാക്കൽ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി.റ്റി.എ. റഹീം | ശ്രീ.കെ.സി. ജോസഫ് (ഗ്രാമവികസനവും, ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പ് മന്ത്രി) |
| (എ) ഓരോ വകുപ്പും പുറപ്പെടുവിക്കുന്ന ഉത്തരവുകൾ അതാത് ദിവസം തന്നെ സർക്കാർ വെബ്സൈറ്റുകളിൽ പ്രസിദ്ധീകരിക്കാറുണ്ടോ എന്ന് പരിശോധിച്ചിട്ടുണ്ടോ.; | (എ). പരിശോധിച്ചിട്ടില്ല. എന്നാൽ വിവിധ വകുപ്പുകൾ പുറപ്പെടുവിക്കുന്ന ഉത്തരവുകൾ ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പിന്റെ വെബ് & ന്യൂ മീഡിയാ വിഭാഗത്തിൽ ലഭ്യമാകുന്ന അന്നുതന്നെ സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീ കരിക്കുന്നുണ്ട്. |
| (ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം നാളിതുവരെ ഇറക്കിയ എല്ലാ ഗവണ്മെന്റ് ഉത്തരവുകളും സർക്കാർ വെബ്സൈറ്റിൽ നിലവിൽ ലഭ്യമാണോ.; | (ബി) എല്ലാ ഉത്തരവുകളും ലഭ്യമല്ല. |
| (സി) അതാത് ദിവസം തന്നെ എല്ലാ ഉത്തരവുകളും വെബ്സൈറ്റിൽ ലഭ്യമാക്കാത്ത വകുപ്പുകൾ ഉണ്ടോ.;<br>(ഡി) എങ്കിൽ അവയ്ക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോ.; വിശദാംശം ലഭ്യമാക്കാമോ.? | (സി) &(ഡി) വകുപ്പുകൾ പുറപ്പെടുവിക്കുന്ന ഉത്തരവുകൾ സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിലേയ്ക്കായി ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പിന്റെ വെബ് & ന്യൂ മീഡിയാ വിഭാഗത്തിൽ ലഭ്യമാക്കണമെന്ന സർക്കുലർ നിർദ്ദേശം നിലവിലുണ്ട്. ഉത്തരവുകൾ ഇപ്രകാരം ലഭ്യമാക്കാത്ത വകുപ്പുകൾ അവ ഭാവിയിൽ അതാതു ദിവസം തന്നെ ലഭ്യമാക്കണമെന്ന കർശന നിർദ്ദേശം നൽകുന്നതാണ്. |

**സെക്ഷൻ ഓഫീസർ**